**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഗീതാ ഗോപി,<br>ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീ. ആർ. രാമചന്ദ്രൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി .** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കഴിഞ്ഞ നാലര വർഷക്കാലയളവിൽ ഐ.ടി. മേഖലയിൽ വലിയ കുതിപ്പുണ്ടാക്കുന്നതിന് സഹായകരമായ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ രൂപീകൃതമായ ഐ.ടി പോളിസിയുടെ ഭാഗമായി ഐ.ടി പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നല്കികൊണ്ട് വികസന പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. കൂടാതെ ഐ.ടി മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് സർക്കാർ നേതൃത്വത്തിൽ പ്രധാനപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടി മേഖലയിലെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ കെഫോൺ (കേരളാ ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്) പദ്ധതി, സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK), ടെക്നോളജി ഇന്നോവേഷൻ സോൺ (TIZ) തുടങ്ങിയവ പ്രധാന പദ്ധതികളാണ്. കെ-ഫോൺ സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും, കാര്യക്ഷമവും ആക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. പ്രസ്തുത പദ്ധതി പ്രകാരം അതിവേഗ ഇന്റർനെറ്റ് / ഇൻട്രാനെറ്റ് കണക്ഷൻ 30,000-ത്തോളം ഓഫീസുകളിൽ നല്കുന്നതാണ്. സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് ലഭ്യമാക്കുവാൻ ഈ അടിസ്ഥാന പദ്ധതി സഹായകമാകും. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) ഐ.ടി വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി യുവതി, യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി ഐ.ടി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി സർക്കാർ |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK). വിവരസാങ്കേതിക വിദ്യയുടെ നൂതനവും ഉന്നത നിലവാരമുള്ളതുമായ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി സജ്ജീകരിക്കുന്ന ഒരു പ്ലാറ്റ് ഫോം ആണ് ടി പദ്ധതി. ടെക്നോളജി ഇന്നോവേഷൻ സോൺ (TIZ) വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യൂബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ സംസ്ഥാന സർക്കാർ സ്ഥാപിച്ചു വരികയാണ്. മേൽ പരാമർശിച്ച പദ്ധതികൾ കൂടാതെ സർക്കാർ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ലക്ഷ്യമിട്ട രണ്ട് ലക്ഷം പേർക്ക് ഐ ടി മേഖലയിൽ തൊഴിൽ നൽകാൻ ഒരു കോടി ചതുരശ്ര അടി ഐ ടി ഓഫീസ് സ്പേസുകൾ സൃഷ്ടിക്കും എന്ന പ്രഖ്യാപനത്തിന്റെ ചുവടു പിടിച്ച് ടെക്നോപാർക്കിലെ ഐടി സ്പേസ് വിസ്തൃതി 85.1 ലക്ഷത്തിൽ നിന്നും 102.7 ലക്ഷം ചതുരശ്ര അടിയിലേക്ക് വളർന്നു. ഇൻഫോപാർക്കിൽ ഐടി സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്ര അടിയിൽ നിന്ന് 9.2 ദശലക്ഷം ചതുരശ്ര അടിയിലേക്ക് വളർന്നു. സൈബർ പാർക്കിന്റെ ആദ്യ ഐ.ടി കെട്ടിടം ആയ സഹ്യയുടെ ഉദ്ഘാടനം നടന്നത് ഈ സർക്കാരിന്റെ കാലത്താണ്. ബിൽഡിംഗ് മൊത്തമായും 2.88 ലക്ഷം ച.അടി വിസ്തീർണ്ണം ഉണ്ട്. |
| (ബി) | സർക്കാരിന്റെ ഇടപെടലുകളുടെ ഫലമായി തൊഴിലവസരങ്ങൾ, കയറ്റുമതി വരുമാനം, ഐ.ടി.പാർക്കിന്റെ സ്ഥലം വർദ്ധന എന്നീ രൂപങ്ങളിൽ സംസ്ഥാനത്തുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | കേരളത്തിലെ ഐ.ടി രംഗത്ത് വളർച്ച പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് സർക്കാർ ഐ.ടി പാർക്കുകളിലാണ്. 1. ടെക്നോപാർക്ക് - തിരുവനന്തപുരം ടെക്നോപാർക്കിലെ ഐടി സ്പേസ് വിസ്തൃതി 85.1 ലക്ഷത്തിൽ നിന്നും 102.7 ലക്ഷം ചതുരശ്ര അടിയിലേക്ക് വളർന്നു. കമ്പനികളുടെ എണ്ണം 450 ആയി വർദ്ധിക്കുകയും നേരിട്ടുള്ള തൊഴിലവസരങ്ങൾ 50000 ൽ നിന്നും 62000 ആയി വർദ്ധിക്കുകയും ചെയ്തു. ഐ ടി കയറ്റുമതി വരുമാനം 7350 കോടി ആയി വർധിക്കുകയും ചെയ്തു. ടെക്നോപാർക്കിന്റെ ഗവൺമെന്റ് ഐടി കെട്ടിടത്തിനു പുറമേ ഉപസംരംഭകരായ ടി.സി.എസ്, ഇൻഫോസിസ്, സൺടെക്ക് ബിസിനസ്സ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഐ.ടി സൗകര്യങ്ങൾ വികസിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2. ഇൻഫോപാർക്ക് - കൊച്ചി ഇൻഫോപാർക്കിൽ ഐടി സ്പേസ് വിസ്തൃതി 6 |

| | | | |
|---|---|---|---|
| | | | ദശലക്ഷം ചതുരശ്ര അടിയിൽ നിന്ന് 9.2 ദശലക്ഷം ചതുരശ്ര അടിയിലേക്ക് വളർന്നു. കമ്പനികളുടെ എണ്ണം 278 ൽ നിന്നും 427 ആയി വർദ്ധിക്കുകയും നേരിട്ടുള്ള തൊഴിലവസരങ്ങൾ 28000 ൽ നിന്നും 47000 ആയി വർദ്ധിക്കുകയും ചെയ്തു. ഐ ടി കയറ്റുമതി വരുമാനം 5300 കോടി ആയി വർധിക്കുകയും ചെയ്തു. ഇൻഫോപാർക്കിന്റെ നേരിട്ടുള്ള ഐടി മന്ദിരങ്ങൾക്ക് പുറമേ ഉപസംരംഭകരായ ലുലു ടെക് പാർക്ക്, ട്രാൻസ് ഏഷ്യ സൈബർ പാർക്ക്, ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ, ക്ലെയ്സിസ് ടെക്നോളജി ക്യാമ്പസ് മുതലായ പദ്ധതികൾ ഈ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു. 3. സൈബർ പാർക്ക് - കോഴിക്കോട് സൈബർ പാർക്കിൽ ഐ.ടി സ്പേസ് 12300 ച.അടിയിൽ നിന്നും 2.94 ലക്ഷം ച.അടിയായി ഉയർന്നു. കമ്പനികളുടെ എണ്ണം 4 ൽ നിന്നും 43 ആയും, നേരിട്ടുള്ള തൊഴിലവസരങ്ങൾ 68 ൽ നിന്നും 760 ആയി വർദ്ധിക്കുകയുമുണ്ടായി. കയറ്റുമതി വരുമാനം 35 കോടി ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും മുപ്പതിനായിരത്തിൽപരം സർക്കാർ ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനം എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) ന്റെയും, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും (കെ.എസ്.ഇ.ബി.എൽ) സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടു കൂടി ഒരു ജോയിന്റ് വെൻചർ കമ്പനി, 'കെ-ഫോൺ ലിമിറ്റഡ്" രൂപീകരിച്ച്, ആയതിലൂടെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള സിസ്റ്റം ഇന്റഗ്രേറ്ററായി (System Integrator) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. കെ-ഫോൺ പദ്ധതി നിലവിൽ 32% വരെ പൂർത്തിയായിട്ടുണ്ട്. 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ-ന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി.എൽ പോളുകളുടെ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം 1000 സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി ഫെബ്രുവരി 2021-ൽ പൂർത്തീകരിക്കുണമെന്ന ലക്ഷ്യത്തോടെ-യുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. |
| (ഡി) | രാജ്യത്താദ്യമായി ഒരു സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ലാപ് ടോപ്പ് പുറത്തിറക്കിയത് കേരളത്തിലാണോ; വ്യക്തമാക്കുമോ? | (ഡി) | അതെ. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ലാപ്ടോപ്പ് നിർമ്മിക്കുന്നതിനായി കോക്കോണിക്സ് എന്ന കമ്പനി രൂപീകരിക്കുകയുണ്ടായി. കെൽട്രോൺ കെ.എസ്.ഐ.ഡി.സി, യു.എസ്.ടി ഗ്ലോബൽ, സ്റ്റാർട്ട് അപ്പ് കമ്പനിയായ ആക്സിലറോൺ എന്നീ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ പബ്ലിക്ക് പ്രൈവറ്റ് പാർട്ട്നർഷിപ്പ് മാതൃകയിലാണ് കോക്കോണിക്സ് സ്ഥാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ